# MDLPS
# നിരനിലൂക്കം



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



# എം. ഡി. എൽ. പി. സ്കൂൾ
# നീർവിളാകം.

സ്ഥാപിതം : 1895

മാനേജ്മെന്റ് : കാതോലിക്കേറ്റ് & എം. ഡി സ്കൂൾസ് ദേവലോകം, കോട്ടയം

ജില്ല : പത്തനംതിട്ട

റവന്യൂ ജില്ല : തിരുവല്ല

ഉപജില്ല : ആറന്മുള.

പഞ്ചായത്ത് : ആറന്മുള

ബ്ലോക്ക് : പന്തളം

വില്ലേജ് : കിടങ്ങന്നൂർ

# ആമുഖം

1895-ൽ എം.എസ്.സി. മാനേജ്മെന്റിന്റെ കീഴിൽ സ്ഥാപിതമായ നിർവിളാകം എം.എസ്.സി.എൽ.പി. സ്കൂൾ 1963 മുതൽ കാതോലിക്കേറ്റ് & M.D. schools corporate Management-ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ആ കാലഘട്ടത്തിൽ ഈ വിദ്യാലയം ഈ നാട്ടിലെ ഏക പ്രൈമറി വിദ്യാഭ്യാസ സ്ഥാപനമായിരുന്നു. ഈ നാട്ടിലെ പ്രമുഖരായി സേവനമനുഷ്ഠിക്കുന്ന പലരും ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ ആയിരുന്നു. 1985-ൽ ദേശീയ അവാർഡ് ജേതാവായ കെ.ജി.ദാനിയേൽ സാർ ഈ സ്കൂളിലെ പ്രധാനാധ്യാപകനായിരുന്നു.

St. Ann's LPS English Medium school വന്നതോടെ, ഇംഗ്ലീഷ് പഠനത്തോടുള്ള അഭിമുഖ്യത്തിൽ വലിയൊരു വിഭാഗം കുട്ടികൾ ആ സ്കൂളിലേക്ക് പോയിത്തുടങ്ങി. അതിനു ശേഷം ചുറ്റുപാടും CBSE, english Medium school-കൾ വന്നതോടെ കുട്ടികളുടെ വരവ് കുറഞ്ഞു തുടങ്ങി. ഇപ്പോൾ ഈ സ്കൂളിൽ ഒരു pre-primary പ്രവർത്തിക്കുന്നു.

മാനേജർ തിരുമേനിയുടെ നിരന്തര സ്കൂൾ സന്ദർശന ഫലമായി, 2024-25 അധ്യയന വർഷത്തിൽ ഈ സ്കൂൾ കെട്ടിടത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മുഴുവനായി മാറ്റി, കൂടുതൽ മെച്ചപ്പെടുത്തി, ആകർഷകമായ വിദ്യാലയമാക്കി മാറ്റി. തൽഫലമായി ഈ വർഷം 1-10 ക്ലാസ്സി-ലേക്ക് 10 കുട്ടികളും LKG, UKG ക്ലാസ്സുകളിലുമായി ലേക്ക് 6 കുട്ടികളും എത്തിച്ചേർന്നു.

## പൊതുലക്ഷ്യങ്ങൾ :

* ഈ സ്കൂളിന്റെ പരിസരത്തുള്ള മുഴുവൻ കുട്ടികളെയും പ്രാഥമിക വിദ്യാഭ്യാസത്തിനായി ഈ സ്കൂളിൽ എത്തിക്കുക.
* പൊതു സമൂഹത്തെ വിദ്യാലയത്തോട് കൂടുതൽ അടുപ്പിക്കുക.
* വിദ്യാലയം നാടിന്റെയും അറിവിന്റെയും ഇടമാക്കുക.
* 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ തെറ്റുകൂടാതെ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക.
* ഭാഷാശേഷികൾ കുട്ടികളിൽ ഉയർന്ന നിലവാരത്തിൽ വളർത്തിയെടുക്കുക.
* ഗണിതത്തിലെ ചതുഷ്ക്രിയകൾ കുട്ടികളിൽ ഉറപ്പിക്കുക.
* ശാസ്ത്രപഠനത്തിൽ കുട്ടികൾക്ക് നിരീക്ഷണം, പരീക്ഷണം, അപഗ്രഥിക്കൽ, താരതമ്യം തുടങ്ങിയ ശേഷികൾ ഉയർന്ന നിലവാരത്തിൽ വളർത്തിയെടുക്കും.
* കുട്ടികളെ വായനയിൽ താൽപര്യമുള്ളവരാക്കി തീർക്കുക. അതനുസരിച്ച് ലൈബ്രറി നവീകരിക്കുക.
* ആത്മവിശ്വാസവും പ്രതിബദ്ധതയുമുള്ളവരായി കുട്ടികളെ മാറ്റിയെടുക്കുക.
* ലഹരി വിമുക്ത വിദ്യാലയത്തെ വാർത്തെടുക്കുക.

* പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാകുക.

* കൃഷിയോടും, ജൈവ പച്ചക്കറിയോടും, ഔഷധ സസ്യത്തോടും ഇടപഴകലിലൂടെ കുട്ടികളിൽ ഇതിനോടുള്ള താല്പര്യം വളർത്തുക.

* പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി പരിഹാരബോധനം നടപ്പിലാക്കുക.

* കുട്ടികളിൽ ആത്മവിശ്വാസവും ഉത്സാഹവും വളർത്താനുതകുന്ന പ്രവർത്തനങ്ങൾ (യോഗ, ഡാൻസ് മുതലായവ) നടത്തുക.

* സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷകർത്താവിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം വർദ്ധിപ്പിക്കുക.

* കുട്ടികളിൽ നല്ല ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കുക.

* സംയുക്ത ഡയറി, റീഡേഴ്സ് തീയറ്റർ, കാവ്യകേളി തുടങ്ങിയ അക്കാദമിക പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർഗാത്മക കഴിവുകളെ ഉണർത്തുകയും എഴുത്തിലും വായനയിലും മികവുറ്റവരാക്കുകയും ചെയ്യുക.

# Master Plan - ഭൗതികം

| | |
|---|---|
| സ്മാർട്ട് ക്ലാസ് റൂമുകൾ | Management, PTA, പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ |
| School ground വൃത്തിയാക്കി കളിസ്ഥലം നിർമ്മിക്കൽ | PTA പൂർവ്വ വിദ്യാർത്ഥികൾ |
| ജൈവ പച്ചക്കറിത്തോട്ടം | PTA, Students |
| ജൈവ വൈവിധ്യ പാർക്ക് | PTA, പൂർവ്വ വിദ്യാർത്ഥികൾ. |
| സ്കൂൾ വാൻ | Management |

മേഖല - ഭൗതികം

ലക്ഷ്യങ്ങൾ -

- ആധുനിക രീതിയിലുള്ള പഠനബോധനം
- സുരക്ഷിതവും വിഷരഹിതവുമായ ഉച്ചഭക്ഷണ പരിപാടി.
- ജൈവ വൈവിധ്യ പാർക്ക്
- കായിക പരിശീലനം
- യോഗ പരിശീലനം.
- പ്ലാസ്റ്റിക് നിർമാർജ്ജന വിദ്യാലയം.

പ്രവർത്തനങ്ങൾ

PTA, സ്കൂൾ വികസനസമിതി തുടങ്ങിയവരെയെല്ലാം വിളിച്ചു കൂട്ടി മേൽപ്പറഞ്ഞ കാര്യങ്ങൾ തീരുമാനിക്കുക-യും അതിന്റെ നടത്തിപ്പ് വശം ആലോചിക്കുകയും ചെയ്യുന്നു.

പ്രതീക്ഷിതനേട്ടം

എല്ലാ കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുന്ന രീതിയിൽ വിവിധ പ്രവർത്തനങ്ങളിലേർപ്പെടുകയും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയും ചെയ്യുന്നു.

# ലൈബ്രറി സന്ദർശനം

ലക്ഷ്യങ്ങൾ :-

* വായനയിൽ താൽപര്യം ജനിപ്പിക്കുക
* വായിച്ച് വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന ലക്ഷ്യം നേടുക.
* രചനയിൽ പ്രാവീണ്യം നേടുക.
* സർഗാത്മക ശേഷി വികസിപ്പിക്കുക.

പ്രവർത്തനങ്ങൾ :-

* സ്കൂളിൽ ലഭ്യമായ പുസ്തകങ്ങൾ ക്ലാസ് തലത്തിൽ വേർതിരിച്ചു കൊടുക്കുന്നു.
* വിവിധ സ്രോതസ്സുകളിൽ നിന്ന് പുസ്തകങ്ങൾ ശേഖരിക്കുന്നു.
*

പ്രതീക്ഷിത നേട്ടങ്ങൾ :-

* വായനാശീലം വർദ്ധിപ്പിക്കുന്നു.
* അധിക വായനയിൽ താൽപര്യം ജനിക്കുന്നു.
* ഗ്രന്ഥകാരന്മാരെ പരിചയപ്പെടുന്നു.
* പുസ്തകങ്ങൾ അടുക്കോടെയും ചിട്ടയോടെയും സൂക്ഷിക്കുന്ന ശീലമുണ്ടാകുന്നു.
* കുട്ടിയെ സ്വതന്ത്ര സംഭാഷണത്തിന് യോഗ്യനാക്കുന്നു.

മേഖല - അക്കാദമികം

ഉപമേഖല - കലാ-കായിക-പ്രവൃത്തി പരിചയം

ചിത്രരചനാ മത്സരങ്ങൾ

കാലയളവ് - ജൂൺ - മാർച്ച്

ലക്ഷ്യങ്ങൾ :-

* കുട്ടികളുടെ സർഗാത്മകമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
* പ്രവൃത്തി പരിചയ മേളകളിൽ വ്യക്തിമുദ്ര പതിപ്പിക്കുക.
* ചിത്രങ്ങൾ പാഠ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ബോധനം നടത്തുന്നു.

പ്രവർത്തനങ്ങൾ:-

- സമീപത്തുള്ള school ground പ്രയോജനപ്പെടുത്തി, കുട്ടികൾക്ക് ഓട്ടം, പന്തുകളി എന്നിവയിൽ പരിശീലനം നൽകുന്നു.
- ലഭ്യമാകുന്ന കലാകാരൻമാരുടെ സേവനം സ്കൂളിൽ പ്രയോജനപ്പെടുത്തുന്നു.
- മുൻകൂട്ടി തയ്യാറാക്കിയ ചിത്രങ്ങൾ നൽകുകയും കളറിംഗ് മത്സരം നടത്തുകയും ചെയ്യുന്നു.
- ദിനവാർത്ത ചിത്രങ്ങൾ ഉൾപ്പെടുത്തി ആൽബം നിർമിക്കുന്നു.

പ്രതീക്ഷിത നേട്ടങ്ങൾ:-

- ചിത്രകലാ വായനയെ പ്രോത്സാഹിപ്പിക്കുന്നു.
- കുട്ടികളിലെ കഴിവിനെ കണ്ടെത്തുന്നു.
- ചിത്രരചനകൾ പഠന പ്രവർത്തനങ്ങൾക്കുപയോഗിക്കുന്നു.

# Academic Master Plan

## ENGLISH

Aim: To speak, Read $ write without any mistakes.

Time: June to March

Pre-Test: To check the vocabulary and writing skills of pupils.

June - March.

Aim: To develop listening skills and reading

### Listening skills

Activities

* Games
* Action songs
* Hello english activities
* Conversations
* Skit
* Stories
* Uses of ICT
* Readers Theatre
*

# Speaking skills

Aim: To develop speaking skills.

Activities:.

* Identifying the naming words from the picture.
* Identifying ~~the~~ and saying the action words from picture charts.
* Make simple sentences using action words and naming words.
* Tries to make simple description about a picture.
* Growing sentences
* Self introductions.
* News reading in Assembly.
* Developing picture story presentation.
* Speech
* Book Review
* Quiz Riddles

## Reading Skills

Aim: To develop reading skills.

Activities:-

* News paper reading.
* Library book reading.
* Book Review
* Reading Breaking News
* Find new words.
* Rhyming words.
* Describing words.
* Reading Text book.
* Readers Theatre.

## Writing Skills

Activities:-

* Speech
* Quiz
* Riddles.
* Make Magazines
* Skit
* Readers Theatre.

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം.

ആമുഖം

കുട്ടികളുടെ സമഗ്രവികസനമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് ... മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവുമായ വികസനവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകൾ ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും തെറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവു നേടുന്നു.

* എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവു നേടുന്നു.

* എല്ലാ കുട്ടികളും രക്ഷിതാവിന്റെ സഹായത്തോടെ സചിത്ര പുസ്തകം തയ്യാറാക്കുന്നു.

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പറയാൻ കഴിവുള്ളവരാക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം.

ഹ്രസ്വകാല പദ്ധതി.

| Sl No. | പ്രോഗ്രാം. | പ്രവർത്തനം | Duration | പിന്തുണ. |
|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | · Pre test<br>· അക്ഷരം ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>· വാക്കുകൾ എഴുതിയ കാർഡ്.<br>• ചിത്രം അടിക്കുറിപ്പ്<br>• ചിത്രം കഥയെഴുതുക<br>· കഥ ബാക്കിയെഴുതുക<br>• സചിത്ര ബുക്ക് തയ്യാറാക്കൽ.<br>• സംയുക്ത ഡയറി<br>· ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 3 months<br>6 months<br>1 year.<br>അവധി ദിവസങ്ങളിലും. | അധ്യാപകരും രക്ഷിതാക്കളും.<br>Teachers. |
| | കുട്ടിയെ മികച്ച [illegible] വായനക്കാരാക്കുക. | ദീർഘകാല പദ്ധതി.<br>• ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>- വായന മൂല/ class library രൂപീകരിക്കൽ<br>· സ്കൂൾ ലൈബ്രറി നവീകരിക്കൽ | 1 Year. | ഗ്രന്ഥശാല. |

| | | | |
|---|---|---|---|
| കുട്ടിയെ മികച്ച ന്യൂസ് റീഡറാക്കുക. | • സമീപ ഗ്രന്ഥശാല സന്ദർശനവും അംഗത്വമെടുക്കലും<br>4 മോണിറ്ററിംഗ് | 1 year | ഗ്രന്ഥശാല |

<u>ഭിന്നശേഷിക്കാർക്കുള്ള</u> <u>പ്രവർത്തനം</u>

BRC, IED അധ്യാപകർ എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു

| ക്രമ നം: | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | മലയാള മധുരം | ജൂൺ - മാർച്ച് |
| | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ - മാർച്ച് |
| | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ. |
| | ഭാഷോത്സവം | ജനുവരി |

# ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദകരവുമായി കൈകാര്യം ചെയ്യണം. വസ്തുതകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിത ശാസ്ത്ര പഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താത്ത ഒരു ദിവസം പോലും കടന്നു പോകുന്നില്ല. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ടു തന്നെയാവണം കുട്ടി പഠിക്കേണ്ടത്; എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ

# ലക്ഷ്യങ്ങൾ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക.
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു, വ്യന്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.
* മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക.
* ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക.
* ജ്യാമിതീയ രൂപങ്ങളെ ആകൃതിക്കനുസരിച്ച് തരംതിരിക്കൽ, അവ ചേർന്നു വച്ച് പുതിയ രൂപങ്ങൾ ഉണ്ടാക്കുക.
* നാണയങ്ങളുടെയും നോട്ടുകളുടെയും മൂല്യം തിരിച്ചറിയൽ
* ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക.

| മാസം | പ്രവർത്തനങ്ങൾ |
| --- | --- |
| ജൂൺ - ജൂലൈ | * ഗണിതത്തിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്താനായി പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>* വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>* ഡൈസ് കളി<br>* ജ്യാമിതീയ രൂപങ്ങൾ കൊണ്ട് വീടിന്റെ ചിത്രങ്ങൾ<br>* ജ്യാമിതീയ രൂപങ്ങൾ ചേർത്ത് വെച്ച് മറ്റ് രൂപങ്ങൾ കൂടി ഉണ്ടാക്കുന്നു.<br>* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>* കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ<br>* ഗണിത മാഗസിൻ<br>* ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ |

| | |
|---|---|
| ജൂലൈ - അഗസ്റ്റ് | * ഓരോ കുട്ടിക്കും കണക്ക് പെട്ടി<br>* അബാക്കസ് നിർമ്മാണം<br>* ഗണിത മാഗസിൻ<br>* സംഖ്യാ സ്ട്രിപ്പ് പ്രവർത്തനം<br>* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ. |
| അഗസ്റ്റ് - സെപ്റ്റംബർ | * പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം<br>* വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>* ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ<br>* ഗണിത മാഗസിൻ<br>* ഗണിത കിറ്റ്<br>* ഗണിത പാട്ട്. |
| സെപ്റ്റംബർ - ഒക്ടോബർ | * രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br>* സ്കെയിൽ നിർമ്മാണം.<br>* ഗണിത മാഗസിൻ<br>* ഗണിത കിറ്റ്.<br>* ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ. |
| ഒക്ടോബർ - നവംബർ. | • കുട്ടികളുടെ ഉയരം, തൂക്കം, വണ്ണം, ഗ്രാഫ്<br>• ഒറ്റസംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ |

| | |
|---|---|
| | * സ്ഥാനവില തിരിച്ചറിയൽ<br>* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ<br>* ഗണിത മാഗസിൻ<br>* ഗണിത കിറ്റ്. |
| നവംബർ - ഡിസംബർ - | * ഗണിത കിറ്റ്<br>* ഗണിത മാഗസിൻ<br>* ഗുണന വസ്തുത കാർഡ് നിർമ്മാണം<br>* സംഖ്യാഗണങ്ങൾ ശേഖരിക്കുന്നു.<br>* ഗണിത ആൽബം തയ്യാറാക്കൽ<br>* ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ |
| ഡിസംബർ - ജനുവരി. | * വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>* വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ<br>* ഗണിത കിറ്റ്<br>* ഗണിത മാഗസിൻ |
| ജനുവരി - ഫെബ്രുവരി | * ഗണിത മാഗസിൻ പ്രദർശനം.<br>* ഗണിത കിറ്റ് പ്രദർശനം.<br>* ഗണിത ആൽബം CPTA പ്രദർശനം.<br>* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.<br>* സംഖ്യാഗണ ആൽബം പ്രദർശനം. |
| ഫെബ്രുവരി - മാർച്ച്. | * ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ<br>* കലണ്ടർ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങൾ തിരിച്ചറിവ്.<br>* ഗണിതാശയങ്ങൾ പ്രായോഗിക ജീവിതത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. |

# പ്രതീക്ഷിത നേട്ടങ്ങൾ

* കുട്ടികൾക്ക് ഗണിത പഠനത്തിലൂടെ ഭയം ഇല്ലാതാക്കൽ
* ഗണിത പ്രതിഭകളെ സൃഷ്ടിക്കൽ
* ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കൽ
* ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
* വിവിധ തരത്തിലുള്ള അനുഭവം തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു.

## ചുമതലകൾ

അധ്യാപകർ, PTA

# പരിസര പഠനം

ലക്ഷ്യങ്ങൾ

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
* വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരായി മാറുക
* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തിയെടുക്കുക
* പരീക്ഷണ നിരീക്ഷണ പാടവം വളർത്തിയെടുക്കുക
* നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നങ്ങൾ കണ്ടെത്തുകയും അത് തടയാനും നീക്കം ചെയ്യാനുമുള്ള കഴിവ് പ്രാപ്തമാക്കുക
* നമുക്ക് ചുറ്റുമുള്ള പക്ഷിമൃഗാദികൾക്ക് നമ്മളെപോലെ തന്നെ ജീവിക്കാനുള്ള അവകാശമുണ്ടെന്ന തിരിച്ചറിവ്.

| കാലയളവ് | പ്രവർത്തനം |
| --- | --- |
| ജൂൺ - ഒക്ടോബർ | * പ്രകൃതി നടത്തം.<br>* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ<br>* വിവിധ ആവാസ വ്യവസ്ഥകളെ തിരിച്ചറിയൽ<br>* ജീവികളുടെ പരസ്പരാശ്രയത്വം<br>* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കൽ. |
| ജൂൺ - മാർച്ച് | * ഔഷധത്തോട്ടം നിർമ്മാണം<br>* അടുക്കളത്തോട്ടം<br>* പോസ്റ്ററുകൾ തയ്യാറാക്കൽ<br>* വൃക്ഷത്തൈ നടീൽ, പരിപാലനം |
| ജൂലൈ - സെപ്റ്റംബർ | * ദിനകൃത്യങ്ങൾ<br>* ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>* വ്യക്തി ശുചിത്വം, ക്ലാസ് റൂം ശുചിത്വം, പരിസര ശുചിത്വം, എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.<br>* നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു. |
| ഒക്ടോബർ - ഡിസംബർ | * ഫീൽഡ് ട്രിപ്പ്<br>* പ്രകൃതി സംരക്ഷണ പോസ്റ്റർ |

| | |
|---|---|
| ജനുവരി<br>- മാർച്ച്. | * ശാസ്ത്ര കൗതുകം വളർത്തുന്നു. പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>* പരീക്ഷണ - നിരീക്ഷണത്തിന് അവസരം.<br>* പക്ഷി നിരീക്ഷണം.<br>* മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാകുന്നു.<br>* പച്ചക്കറിത്തോട്ടത്തിൽ കിളികൾക്ക് ദാഹജലം സജ്ജീകരണം.<br>* വിവിധതരം ആൽബം തയ്യാറാക്കൽ പ്രദർശനം. |

എം. ഡി. എൽ. പി. സ്കൂൾ
നീർവിളാകം

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 26

